compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ജൂലൈ 14
Tuesday, 14th July 2026

1201 മിഥുനം 30
30th Mithunam 1201

1948 ആഷാഢം 23
23rd Ashadha 1948

വാല്യം 15
Vol. XV

നമ്പർ / **No.** **28**

Part III

Fisheries and Ports Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിജ്ഞാപനം

നമ്പർ DDFKNR/436/2026-D1. 2026 ജൂലൈ 9.

കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിലെ മാടായി അംശം പുതിയങ്ങാടി ദേശത്ത് മാടായി മത്സ്യഭവന് കീഴിൽ വാടിക്കൽ കടവിലുള്ള 4 ഊന്നി വലകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി ശ്രീ. കപ്പിത്താൻപറമ്പിൽ സുകുമാരന്റെ പേരിലായിരുന്നു. ടിയാൻ 11-2-2025-ൽ മരണപ്പെട്ടതിനാൽ, പ്രസ്തുത ഊന്നിവലകളുടെ ഉടമസ്ഥാവകാശം പരേതന്റെ അനന്തരാവകാശികളിലൊരാളായ ശ്രീ. ഷാജി കെ. പി.-യുടെ (മകൻ) പേരിലേക്ക് മാറ്റുന്നതിന് മറ്റ് അവകാശികളായ ശ്രീമതി ശകുന്തള (ഭാര്യ), ശ്രീ. സത്യൻ കെ. പി. (മകൻ) എന്നിവർ സമ്മതപത്രം നൽകിയിട്ടുണ്ട്. ശ്രീ. ഷാജി കെ. പി. കണ്ണൂർ ഉൾനാടൻ മത്സ്യഗ്രാമത്തിൽ 2689-ാം നമ്പറായി രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളിയാണ്. ഇദ്ദേഹത്തിന്റെ പേരിലേക്ക് പ്രസ്തുത ഊന്നി വലകളുടെ ഉടമസ്ഥാവകാശം കൈമാറുന്നതിന് ശിപാർശ ചെയ്തുകൊണ്ട് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, മത്സ്യഭവൻ, മാടായി ഈ ഓഫീസിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഊന്നിവലകളുടെ ഉടമസ്ഥാവകാശ കൈമാറ്റത്തിന് ഫിഷറീസ് വകുപ്പിന് എതിർപ്പുകൾ ഒന്നും ഇല്ല എന്ന നിരാക്ഷേപ പത്രം ഈ ഓഫീസിലെ 23-5-2026-ലെ DDFKNR/436/2026-D1 നമ്പർ കത്ത് പ്രകാരം നൽകിയിട്ടുള്ളതാണ്.

കൂടാതെ പഴയങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് 2026-ലെ നാലാം നമ്പർ പുസ്തകം 33-ാം നമ്പർ വാല്യം 83 മുതൽ 88 വരെ വശങ്ങളിൽ 16-ാം നമ്പരായി രജിസ്റ്റർ ചെയ്തിരിക്കുന്ന എഗ്രിമെന്റ് പ്രകാരം ശ്രീ. ഷാജി കെ. പി.-യുടെ പേരിലേക്ക് പ്രസ്തുത ഊന്നി വലകൾ കൈമാറ്റം ചെയ്തിട്ടുള്ളതാണ്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് മേൽ പരാമർശിക്കപ്പെട്ട നാല് ഊന്നി വലകളും ശ്രീ. ഷാജി കെ. പി. S/o സുകുമാരൻ, കപ്പിത്താൻപറമ്പിൽ വീട്, വാടിക്കൽ, പി. ഒ. മാടായി, കണ്ണൂർ- 670 304 എന്ന വ്യക്തിയുടെ പേരിലേക്ക് ഉടമസ്ഥാവകാശം മാറ്റി അനുവദിച്ച് ഉത്തരവാകുന്നതിൽ ആർക്കെങ്കിലും ന്യായമായ പരാതി ഉണ്ടെങ്കിൽ ആയത് ഈ പരസ്യം കേരള ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ 2 മാസത്തിനകം രേഖാമൂലം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്. പരാതികൾ ഒന്നും തന്നെ ലഭിക്കാത്ത സാഹചര്യത്തിൽ ടി ഊന്നിവലയുടെ രജിസ്ട്രേഷൻ അപേക്ഷകനായ ശ്രീ. ഷാജി കെ. പി. എന്നയാളുടെ പേർക്ക് കൈമാറ്റം അനുവദിച്ച് പുതിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
കണ്ണൂർ-670 017. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.07.14 04:01:10 +05:30